പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2185

23.03.2012 ൽ മറുപടിയ്ക്ക്

## കുടുംബശ്രീയിലൂടെ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ:<br>" ഡൊമിനിക് പ്രസന്റേഷൻ<br>" ഐ.സി.ബാലകൃഷ്ണൻ<br>" ഷാഫി പറമ്പിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ മന്ത്രി) |
| എ) കുടുംബശ്രീയിലൂടെ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ) കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്ന എൻ.ആർ.എൽ.എം പദ്ധതിയ്ക്ക് കുടുംബശ്രീ തയ്യാറാക്കിയ സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എംപവേർഡ് കമ്മിറ്റി സമർപ്പിച്ച എസ്.പി.ഐ.പി പരിശോധിക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. എൻ.ആർ.എൽഎം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒന്നരകോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിലെ പദ്ധതി തുകയായി ഒരുകോടിരൂപയും കേന്ദ്ര സർക്കാർ കുടുംബശ്രീക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | ബി) എൻ.ആർ.എൽഎം പദ്ധതി പ്രകാരം ചുമതലപ്പെടുത്തുന്ന സംസ്ഥാനതല മിഷൻ (എസ്സ് ആർ.എൽ എം) ആണ് പദ്ധതി നടത്തിപ്പിന്റെ ചുമതല പഞ്ചായത്ത് തലത്തിൽ പാവപ്പെട്ടവരുടെ സംഘടനാ സംവിധാനത്തിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായിട്ടാണ് കേന്ദ്ര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

| | |
|---|---|
| സി) പദ്ധതി നടത്തിപ്പിനുള്ള തുകയുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ് ; വിശദമാക്കുമോ; | സി) 7 വർഷത്തേക്കുള്ള പ്ലാൻ പ്രകാരം 1160.13 കോടി രൂപ അടങ്കൽ തുകയിൽ 25% സംസ്ഥാന വിഹിതമായിരിക്കും. |
| ഡി) പദ്ധതി നടത്തിപ്പിന്റെ കാലാവധി എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത് ; | ഡി) 7 വർഷം (2011-12 മുതൽ 2017-18 വരെ) |
| ഇ) ബ്ലോക്ക് പഞ്ചായത്തുകളെ ഈ പദ്ധതിയിൽ പങ്കാളികളാക്കുന്നകാര്യം പരിശോധിക്കുമോ ? | ഇ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ